**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4796** **02-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിൽ യുവജനകാര്യവകുപ്പ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) | **മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന യുവജനക്ഷേമ പദ്ധതികളും അവയുടെ പുരോഗതിയും**<br><br>1) **ശാസ്ത്രക്വിസ്** - വിദ്യാർത്ഥികളിൽ ശാസ്ത്ര - ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി ഹൈസ്കൂൾതല വിദ്യാർത്ഥികൾക്കായി ഹൈസ്കൂൾ തലം, നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നത്. ഇതിന്റെ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2) **മണിനാദം ജില്ലാതലം മത്സരം** - നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന നാടൻപാട്ട് മത്സരം.<br><br>3) **ലഹരിവിരുദ്ധ കലാജാഥ പരിശീലനം** - മയക്കുമരുന്നിനെതിരെ സംഘടിപ്പിക്കുന്ന യുവതികളുടെ കലാജാഥയുടെ പരിശീലനം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരായി കലാ ജാഥകൾ സംഘടിപ്പിച്ചു. |
| (ബി) | നിലവിൽ നടപ്പാക്കിവരുന്ന ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ; | (ബി) | **മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന യുവജനക്ഷേമ പദ്ധതികളും അവയുടെ പുരോഗതിയും**<br><br>1) **ശാസ്ത്രക്വിസ്** - വിദ്യാർത്ഥികളിൽ ശാസ്ത്ര - ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി ഹൈസ്കൂൾതല വിദ്യാർത്ഥികൾക്കായി ഹൈസ്കൂൾ തലം, നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിന്റെ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2) **<u>മണിനാദം ജില്ലാതലം മത്സരം</u>** - നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന നാടൻപാട്ട് മത്സരം.<br><br>3) **<u>ലഹരിവിരുദ്ധ കലാജാഥ പരിശീലനം</u>** - മയക്കുമരുന്നിനെതിരെ സംഘടിപ്പിക്കുന്ന യുവതികളുടെ കലാജാഥയുടെ പരിശീലനം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരായി കലാ ജാഥകൾ സംഘടിപ്പിച്ചു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം യുവജനകാര്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | **<u>മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന യുവജനക്ഷേമ പദ്ധതികളും അവയുടെ പുരോഗതിയും</u>**<br><br>1) **<u>ശാസ്ത്രക്വിസ്</u>** - വിദ്യാർത്ഥികളിൽ ശാസ്ത്ര - ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി ഹൈസ്കൂൾതല വിദ്യാർത്ഥികൾക്കായി ഹൈസ്കൂൾ തലം, നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നത്. ഇതിന്റെ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2) **<u>മണിനാദം ജില്ലാതലം മത്സരം</u>** - നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന നാടൻപാട്ട് മത്സരം.<br><br>3) **<u>ലഹരിവിരുദ്ധ കലാജാഥ പരിശീലനം</u>** - മയക്കുമരുന്നിനെതിരെ സംഘടിപ്പിക്കുന്ന യുവതികളുടെ കലാജാഥയുടെ പരിശീലനം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരായി കലാ ജാഥകൾ സംഘടിപ്പിച്ചു. |
| (ഡി) | സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണവും കുറയ്ക്കുന്നതിനും, യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടിയും ജില്ലാ തലത്തിൽ പ്രത്യേക പ്രോഗ്രാമുകൾ സംഘടിപ്പിക്കുമോ? | (ഡി) | സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണവും കുറയ്ക്കുന്നതിനും, യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി ചുവടെ ചേർക്കുന്ന പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു.<br><br>**<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്</u>** |

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മയക്കമരുന്നിനെതിരെ നടത്തിവരുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ഉയിർപ്പ് എന്ന പേരിൽ ലഹരിവിരുദ്ധ കലാജാഥ സംഘടിപ്പിച്ചു. ഫ്ളാഷ് മോബ്, സംഗീതശിൽപം, നാടകം, തെരുക്കൂത്ത്, മയക്കമരുന്നിനെതിരായ ലഘുലേഖ വിതരണം, പ്രഭാഷണം എന്നിവ ഉൾപ്പെടെ ഒരു മണിക്കൂറോളം നീളുന്ന കലാപരിപാടികളാണ് കലാ ജാഥയിൽ ഉൾപ്പെടുത്തിയിരുന്നത്. 14 ജില്ലകളിലും നിയമസഭാ മണ്ഡലങ്ങളിലെ സ്കൂൾ, കോളേജ്, പൊതുയിടങ്ങൾ എന്നിവ കേന്ദ്രമാക്കി മയക്കമരുന്നിനെതിരെയുള്ള ബോധവൽക്കരണ പരിപാടി കലാജാഥയിലൂടെ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി.

**<u>കേരള സംസ്ഥാന യുവജന കമ്മീഷൻ</u>**

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോളേജുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ ജില്ലാതലങ്ങളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തി ജില്ലാതലങ്ങളിൽ ലഹരിക്കെതിരെ 'ബോധവത്ക്കരണ കലാജാഥയും, സംസ്ഥാന തലത്തിൽ ഹ്രസ്വ ചിത്രമത്സരവും' സംഘടിപ്പിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ